**April : 09**

# KGBEU OU ബുള്ളറ്റിൻ 43/2023

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫർ നടപടികൾ സുതാര്യമാക്കുക

ഈ വർഷത്തെ ജനറൽ ട്രാൻസ്ഫർ പ്രക്രിയ ആരംഭിച്ചത് മാനേജർമാരുടെ ട്രാൻസ്ഫറിലൂടെയാണ്. ഇറങ്ങിയ ട്രാൻസ്ഫറിൽ നിരവധിയായ ജീവനക്കാർക്ക് അവരുടെ അർഹതക്ക് അനുസരിച്ച് ട്രാൻസ്ഫർ ലഭിക്കുകയുമായി. എന്നാൽ, ട്രാൻസ്ഫർ പോളിസി കാറ്റിൽപ്പറത്തി തെറ്റായ കുറെയധികം പ്രശ്നങ്ങൾ വ്യാപകമായി കാണാനും ഈ ട്രാൻസ്ഫർ പ്രക്രിയ ഇടയാക്കി.

ട്രാൻസ്ഫർ പോളിസി എന്നത് ദീർഘമായ പോരാട്ടത്തിനൊടുവിൽ നാം നേടിയെടുത്തതാണ്. അത് എല്ലാവർക്കും വീടിനടുത്ത് എല്ലാക്കാലവും ട്രാൻസ്ഫർ ലഭ്യമാക്കാനുള്ള ഒറ്റമൂലിയായല്ല സംഘടന കാണുന്നത്. മറിച്ച് എല്ലാവർക്കും തുല്യപരിഗണന നൽകണം എന്ന നീതിബോധം മൂലമാണ്. അതുവഴി ഏതെങ്കിലും ഒരു വിഭാഗം ജീവനക്കാർ സ്ഥിരമായി ബുദ്ധിമുട്ട് അനുഭവിക്കുന്നത് തടയാനും ഇത് സഹായകമാകണം. ഇതാണ് സംഘടനാ നിലപാട്.

ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസ് ഉൾപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ ഏതാനും ചിലരുടെ താല്പര്യം മാത്രം നടപ്പിലാക്കാനുള്ള സ്ഥലങ്ങളല്ല. ആർക്കും അവരുടെ അർഹത അനുസരിച്ച് ലഭ്യമാകേണ്ട ഇടങ്ങളാണ്. technically skilled ആയ ആളുകളെ ആവശ്യമുള്ള വളരെ ചുരുക്കം സീറ്റുകളിലേക്ക് അത്തരം ആളുകളെ സുതാര്യമായ രീതിയിൽ പോസ്റ്റ് ചെയ്യുന്നതിന് മാനേജ്മെന്റ് തയ്യാറാകണം. അതിനു പകരം ഒളിച്ചു കടത്തുന്ന ഏർപ്പാട് ഈ ബാങ്കിൽ വച്ച് പൊറുപ്പിക്കാൻ അനുവദിക്കാനാവില്ല. ചില ആളുകളെ performer എന്ന പേരിലാണ് HO യിലേക്ക് കൊണ്ട് വരുന്നതെങ്കിൽ മറ്റു ചിലരെ കൊണ്ട് വരുന്നതിന്റെ ന്യായം അവരെ ബ്രാഞ്ചിൽ കൊള്ളില്ല എന്നാണ്.

തെറ്റായ മാനേജ്മന്റ് ചെയ്തികളെ ചോദ്യം ചെയ്യുന്നവർ, അവരുടെ അന്യായമായ തിട്ടൂരം അവഗണിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങളെ due ആവാതെയും തോന്നിയ സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റാനുള്ള തീരുമാനം ആത്മാഭിമാനമുള്ള ഒരു സംഘടനയ്ക്ക് അംഗീകരിക്കാനാവില്ല. കുടുംബജീവിതം താറുമാറാക്കുന്ന തരത്തിൽ അനവസരത്തിലുള്ള സ്ഥലം മാറ്റങ്ങൾ തിരുത്തപ്പെടേതുണ്ട്.

request ചെയ്ത ബ്രാഞ്ചുകളിൽ അനുകൂലമായ ട്രാൻസ്ഫർ ലഭിച്ച ജീവനക്കാർക്ക് എല്ലാവർക്കും അങ്ങനെ ട്രാൻസ്ഫർ ലഭിക്കാനുള്ള കാരണം പോളിസി വയലേഷൻ ഉണ്ടായാൽ ചോദ്യം ചെയ്യുന്ന ഒരു സംഘടന ഇവിടെ നിലകൊള്ളുന്നത് കൊണ്ടാണ്. നമ്മുടെ സംഘടന ഏറ്റവും വലിയ തലവേദന പിടിച്ച സംഘടനയാണെന്ന തോന്നൽ HR കൈകാര്യം ചെയ്യുന്ന ജനറൽ മാനേജർക്ക് ഉണ്ടായത് ഏറ്റവും വലിയ അഭിമാനമായാണ് നാം കാണുന്നത്. ആ സംഘടനയുടെ നേതൃത്വത്തിൽ ഇവിടുത്തെ അനീതികൾ പിടിച്ചു കെട്ടാനാണ് നാം ഉദ്ദേശിക്കുന്നത്. സുതാര്യമായ ട്രാൻസ്ഫർ ഉറപ്പാക്കാനും ട്രാൻസ്ഫർ പോളിസി നില നിർത്താനും ഒരേ മനസ്സോടെ സ്ഥാപനത്തെ സ്നേഹിക്കുന്ന മുഴുവൻ ജീവനക്കാരും ഈ പ്രക്ഷോഭത്തിൽ അണിചേരണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)